R. K. U. P. S.
ANAYADI
2025-26.

# അക്കാദമിക മാസ്റ്റർ പ്ലാൻ - R.K.U.P.S. ആനയടി

## 2025-26 '25 -'26

## അക്കാദമിക മാസ്റ്റർ പ്ലാൻ - കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ.

### ആമുഖം:

അനുദിനമായി മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും ആർജിച്ച് സമൂഹത്തെ മുന്നോട്ടു നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സമഗ്രപുരോഗതിയാണ് നാം ലക്ഷ്യം വയ്ക്കുന്നത്. വികസനോന്മുഖമായ ഒരു സമൂഹം നിർമ്മിക്കപ്പെടുന്ന വിധത്തിൽ വിദ്യാഭ്യാസ പ്രക്രിയ രൂപകല്പന ചെയ്യേണ്ടതുണ്ട്. ലോകത്തും സുസ്ഥിരത ഉറപ്പുവരുത്തുന്നതിനായി 2015ൽ U.N സുസ്ഥിര വികസനത്തിന്റെ 17 സൂചികകൾ സൂചിപ്പിക്കുകയും അവ നിർവ്വഹിക്കുകയും ചെയ്തു. ദാരിദ്ര്യവിമുക്തം, വിശപ്പുരഹിതം, നല്ല ആരോഗ്യവും ക്ഷേമവും, ഗുണനിലവാരമുള്ള വിദ്യാഭ്യാസം, ലിംഗസമത്വം ഇടങ്ങിയ 17 സൂചകങ്ങളിൽ നാലാമതായി പറഞ്ഞിരിക്കുന്ന ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്നത് ഇതിനെല്ലാം അടിസ്ഥാനമായി വർത്തിക്കുന്നു. ഗുണനിലവാരത്തിന്റെ സൂചകത്തിന് 10 ലക്ഷ്യങ്ങളും നിർവ്വചിച്ചിട്ടുണ്ട്. എല്ലാവരെയും ഉൾക്കൊള്ളുന്നതും തുല്യതയുള്ളതുമായ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും, എല്ലാവർക്കും ആജീവനാന്ത പഠനാവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ദൗത്യം. കൊല്ലം ജില്ലയിൽ കുന്നത്തൂർ താലൂക്കിൽ, ശൂരനാട് വടക്ക് പഞ്ചായത്തിൽ 3-ാം വാർഡിലാണ് സ്കൂൾ സ്ഥിതിചെയ്യുന്നത്.

ഈ അക്കാദമിക വർഷം സ്കൂളിലെ കുട്ടികളുടെ എണ്ണം 63 ആണ്. ഒരു പ്രധാനാധ്യാപികയും 2 യു.പി.എസ്.ടി യും ഒരു ഹിന്ദി ടീച്ചറുമാണുള്ളത്. 5, 6, 7 ക്ലാസ്സുകളിലേക്കായി 4 ഡിവിഷൻ വീതമുണ്ട്. ശാസ്താംകോട്ട സബ്ജില്ലയിലെ പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ സംസ്ഥാന നിലവാരം പുലർത്തുന്ന സ്കൂളാണിത്. കഴിഞ്ഞ U.S.S. പരീക്ഷയിൽ ഞങ്ങളുടെ 45 കുട്ടികളിൽ നിന്നും (7-ാം std-ൽ 18 കുട്ടികളിൽ നിന്നും) ഒരാൾക്ക് U.S.S. ലഭിച്ചു. വിദ്യാരംഗം, സ്കൂൾ മേളകൾ എന്നിവയിൽ അഭൂതപൂർവ്വമായ വിജയം ഞങ്ങളുടെ കുട്ടികൾക്ക് ലഭിച്ചിട്ടുണ്ട്.

കേരളം മറ്റു പല രംഗങ്ങളിലുമെന്ന പോലെ വിദ്യാഭ്യാസ രംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. വിവിധ സർക്കാരുകളുടെ വികസനോന്മുഖമായ ഇടപെടലുകളും ഉത്ബുദ്ധരായ സമൂഹത്തിന്റെ സഹകരണവും സഹായങ്ങളും വിദ്യാഭ്യാസ പദ്ധതികൾ നേതൃത്വപരമായ പങ്കും ഇവിടെ നടപ്പാക്കിയ വിവിധ പ്രൊജക്റ്റുകളും ഈ പുരോഗതിക്ക് കാരണമായിട്ടുണ്ട്. അതിലെല്ലാമുപരി അധ്യാപകസമൂഹത്തിന്റെ അക്ഷീണ പ്രയത്നത്തിന് ഏറെ ഗുണകരമായിട്ടുണ്ട്.

സംസ്ഥാനത്ത് നടപ്പിലാക്കിയ "പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം" വിദ്യാഭ്യാസ രംഗത്ത് അഭൂതപൂർവ്വമായ ഉണർവ് സൃഷ്ടിച്ചു. ഇതിന്റെ ഭാഗമായി വിദ്യാലയങ്ങൾ ഭൗതികരംഗത്തും അക്കാദമിക രംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചു. പൊതുവിദ്യാലയങ്ങളിലേക്ക് മുൻകാലങ്ങളിലുള്ളതിനേക്കാൾ ലക്ഷക്കണക്കിന് കുട്ടികൾ പുതുതായി വന്നു ചേരാൻ തുടങ്ങിയിട്ടുണ്ട്. സമൂഹത്തിന് പൊതുവിദ്യാലയങ്ങളിലുള്ള വിശ്വാസം വർദ്ധിച്ചതിന്റെ വ്യക്തമായ സൂചനയാണിത്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗം കൂടുതൽ ശക്തമാക്കുന്നതിനായി എല്ലാ വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി. പല വിദ്യാലയങ്ങളും മാസ്റ്റർ പ്ലാനുകൾ അനുസരിച്ച് മികച്ച പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തി നല്ല മാതൃകകൾ സൃഷ്ടിച്ചിട്ടുണ്ട്. നവകേരള സൃഷ്ടിക്ക് തയ്യാറെടുക്കുന്ന നമ്മുടെ സംസ്ഥാനത്തിന് ഇത്തരം നേട്ടങ്ങൾ നാഴികക്കല്ലുകളാണ്.

ലോകത്തിനാകമാനം കേരളം മാതൃകയാണെന്ന് അഭിമാനിക്കുമ്പോഴും വിദ്യാഭ്യാസ രംഗത്ത് നാം കൈവരിച്ച നേട്ടങ്ങൾ ഓരോ വിദ്യാർത്ഥിക്കും ദേശം, ഭാഷ, വർഗ്ഗ, വർണ്ണ ലിംഗ ഭേദമെന്യേ ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ

കഴിഞ്ഞിട്ടുണ്ടോ എന്ന് ചിന്തിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ അവകാശ നിയമത്തിൽ പരാമർശിക്കുന്ന വിദ്യാർത്ഥികളുടെ അവകാശമായ "ഗുണമേന്മയുള്ള വിദ്യാഭ്യാസം" എല്ലാവർക്കും എന്ന ലക്ഷ്യം ഇനിയും സാധ്യമാവേണ്ടതുണ്ട്.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് നമ്മുടെ വിദ്യാലയങ്ങളെ സജ്ജമാക്കി മാറ്റിയെടുക്കേണ്ടതുണ്ട്. അതിനായി വിദ്യാലയ സമൂഹവും, അധ്യാപകരും, വിദ്യാഭ്യാസ സംവിധാനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കൂട്ടായി ശ്രമിക്കണം. നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മുൻവർഷങ്ങളിൽ വിദ്യാലയങ്ങൾ തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാനുകൾ വേണ്ടത്ര ഫലപ്രദമായി നടപ്പാക്കാൻ പ്രളയം, മഹാമാരി തുടങ്ങിയ കാരണങ്ങളാൽ നമുക്ക് കഴിയാതെ വന്നിട്ടുണ്ട്.

അനുസ്യൂതമായി മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ കാലാനുസൃതമായി നമ്മുടെ അക്കാദമിക മാസ്റ്റർ പ്ലാൻ പുനർനിർമ്മിക്കേണ്ടതുണ്ട്. കോവിഡ് മഹാമാരി വിദ്യാഭ്യാസരംഗത്ത് സൃഷ്ടിച്ച വിടവുകൾ പരിഹരിക്കുന്നതിനും പുതിയ പദ്ധതിയിൽ പ്രവർത്തനങ്ങൾ ഉണ്ടാവേണ്ടതുണ്ട്.

2022ൽ ആരംഭിക്കുന്ന 14-ാം പഞ്ചവത്സര പദ്ധതി കാലത്ത് നമ്മുടെ വിദ്യാലയങ്ങൾ ഏത് തരത്തിൽ ആയിത്തീരണം എന്ന് വിഭാവനം ചെയ്യണം. അത്തരത്തിലാകുന്നതിന് തടസ്സം നിൽക്കുന്ന പ്രശ്നങ്ങളെ സൂക്ഷ്മതലത്തിൽ പട്ടികപ്പെടുത്തണം. ഈ പ്രശ്നങ്ങളുടെ പരിഹാരത്തിനായി ഉള്ള പ്രവർത്തനങ്ങൾ കൂട്ടായി കണ്ടെത്തുകയും അവയ്ക്ക് മുൻഗണനാ നിശ്ചയിക്കുകയും വേണം. അവയിൽ ഓരോവർഷവും നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ കണ്ടെത്തി

അവയെ സമയബന്ധിതമായി നടപ്പാക്കാൻ കണ്ടെത്തു-ന്നതാകണം.

പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ലോകത്താകമാനം വന്ന മാറ്റങ്ങൾ, കോവിഡാനന്തര പഠനബോധന രീതികളിൽ വന്ന മാറ്റങ്ങൾ, ശാസ്ത്രീയ വികസന സൂചികകൾ, സർക്കാർ നടപ്പാക്കുന്ന വിദ്യാകിരണം പദ്ധതി, കേന്ദ്ര സർക്കാരിന്റെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ സാധ്യതകൾ എന്നിവയെല്ലാം പരിഗണിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ വകുപ്പ്, S.S.K, M.P, M.L.A, P.T.A. തുടങ്ങി സന്നദ്ധ സംഘടനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ വിവിധ്യമാർന്ന പദ്ധതികൾ പരമാവധി പ്രയോജനപ്പെടുത്തുകയും അവരോട് ചേർന്ന് ആ പദ്ധതികൾ ആവിഷ്കരിക്കുകയും വേണം.

ദർശനം.

"കേരളത്തിലെ ഓരോ വിദ്യാർത്ഥിക്കും ഉല്ലാസത്തോടെ അതാത് ക്ലാസ്സിലെ പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങളുടെ പരമാവധി പ്രയോജനപ്പെടുത്തി, ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ ഓരോ വിദ്യാലയത്തിലും നല്ല പഠനാന്തരീക്ഷവും മികച്ച പഠനരീതികളും സംജാതമാവുന്ന"

ലക്ഷ്യങ്ങൾ

1. ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
2. വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
3. വിദ്യാർത്ഥികൾക്ക് ക്ലാസ് മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കല, കായിക, പ്രവൃത്തിപരിചയ പഠന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
4. വിദ്യാലയത്തിലെ പഠനവിഭവങ്ങൾ, സംവിധാനങ്ങളായ ലാബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരു പോലെ പ്രാപ്യമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

5 സുസ്ഥിരവികസന കാര്യപരിപാടി തന്നെ വിദ്യാലയത്തിലെ വിഭവങ്ങൾ (ഭൗതികസൗകര്യങ്ങൾ, ഉദ്യാനം, ജൈവോദ്യാനം) എന്നിവ വിദ്യാർത്ഥി സൗഹൃദമായി രൂപകല്പന ചെയ്യുകയും വിദ്യാർത്ഥികളോടൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാക്കുകയും ചെയ്യുന്നു.

6. ഉത്തമ അദ്ധ്യാപകരും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.

7. വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും അധ്യാപകരും വിദ്യാർത്ഥികളും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ആരോഗ്യപരമായ ബന്ധങ്ങൾ ഉണ്ടാകാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

8. ഓരോ വിദ്യാർത്ഥിയേയും ഒരു വ്യക്തിയായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.

9. പാർശ്വവൽക്കരിക്കപ്പെട്ടവരും പ്രത്യേക പരിഗണന അർഹിക്കുന്നവരുമായ കുട്ടികളുടെ അക്കാദമിക പ്രശ്നനിവാരണം സാധ്യമാകുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

അവസ്ഥാപഠനം.

പരിഗണിക്കേണ്ട മേഖലകൾ

1. പാഠ്യപദ്ധതി വിനിമയം
2. പഠനാന്തരീക്ഷം
3. അധ്യാപകർ.
4. ഭൗതിക സാഹചര്യം
5. സാമൂഹ്യ ഇടപെടലുകൾ.

1. പാഠ്യപദ്ധതി വിനിമയം.

പാഠ്യപദ്ധതി വിനിമയവുമായി ബന്ധപ്പെട്ട് അവസ്ഥാപഠനത്തിൽ ഓരോ ക്ലാസിലെയും എല്ലാ വിഷയങ്ങളുടെയും വിവിധ മേഖലകൾ വിധേയമാക്കണം.

ഭാഷ

മേഖല:- വായന

| ആശയവ്യക്തതയോടെ സ്വതന്ത്രമായി വായിക്കുന്നു. | അധ്യാപകന്റെ സഹായത്തോടെ സ്വതന്ത്രമായി വായിക്കുന്നു. | വായിക്കാൻ ശ്രമിക്കുന്നു. |
|---|---|---|
| 40% | 40% | 20% |

ഗണിതം. മേഖല - പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.

| | | |
|---|---|---|
| കുട്ടി സ്വയം അപഗ്രഥിച്ച് പ്രശ്നം പരിഹരിക്കുന്നു. | അധ്യാപകന്റെ സഹായത്തോടെ പ്രശ്നം പരിഹരിക്കുന്നു. | പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നു. |
| 30%. | 40%. | 30%. |

ശാസ്ത്രം :- മേഖല - പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.

| | | |
|---|---|---|
| സ്വതന്ത്രമായി ആസൂത്രണം ചെയ്ത് ഉപകരണങ്ങൾ തെരഞ്ഞെടുത്ത് പരീക്ഷണം ചെയ്യുന്നു. | പരീക്ഷണത്തിൽ ഏർപ്പെടുന്നു. ശരിയായ നിഗമനത്തിലെത്താൻ കഴിയുന്നില്ല. | അധ്യാപികയുടെ സഹായത്തോടെ പരീക്ഷണം ചെയ്യുന്നു. |
| 30%. | 40%. | 30%. |

സാമൂഹ്യശാസ്ത്രം. മേഖല - ചരിത്രാന്വേഷണം

| | | |
|---|---|---|
| ചരിത്രാന്വേഷണ യാത്രയിൽ വന്ന പ്രശ്നം പരിഹരിക്കാൻ സ്വയം ദത്തങ്ങൾ കണ്ടെത്തുന്നു. | ദത്തങ്ങൾ ശേഖരിക്കുന്ന പൂർണ്ണമായി അവതരിപ്പിച്ച് ചരിത്രരചനക്കായി നടത്തുന്നു. | അധ്യാപികയുടെ സഹായത്തോടെ ചരിത്രരചന നിർവ്വഹിക്കുന്നു. |
| 40%. | 40%. | 20%. |

പാഠ്യപദ്ധതി ആവശ്യപ്പെടുന്ന തരത്തിൽ ക്ലാസ് വിനിമയം ചെയ്യാൻ അധ്യാപികയ്ക്ക് കഴിയുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിന് താഴെ പറയുന്ന സൂചകങ്ങൾ ഉപയോഗിക്കാം. ക്രിയാത്മകമായ ആസൂത്രണം, കുട്ടികളുടെ സ്വയം വിലയിരുത്തൽ, കുട്ടികൾ തമ്മിലുള്ള പരസ്പരം വിലയിരുത്തൽ, അധ്യാപികയുടെ വിലയിരുത്തൽ, ലിഖിത ചോദ്യാവലിയോ, ചെക്ക്‌ലിസ്റ്റോ ഉപയോഗിക്കാവുന്നതാണ്.

പഠനാന്തരീക്ഷം.

ക്ലാസ് മുറിയുടെ സജ്ജീകരണം, ക്ലാസ് മുറികളിലെ ജനാധിപത്യം, അവസര സമത്വം, സ്വതന്ത്ര ചിന്ത, ലിംഗസമത്വം, എല്ലാ വിഭാഗം കുട്ടികളെയും ഉൾക്കൊള്ളുന്ന അന്തരീക്ഷം, അനുയോജ്യമായ പഠനോപകരണങ്ങൾ, അധ്യാപിക - വിദ്യാർത്ഥി ബന്ധം, ആധുനിക സാങ്കേതികവിദ്യയുടെ ലഭ്യതയും ഉപയോഗവും, ക്ലാസിന് അനുയോജ്യവും ആകർഷകവുമായ ലൈബ്രറികൾ, ലബോറട്ടറികൾ, ജൈവവൈവിധ്യ ഉദ്യാനം, കളിസ്ഥലവും, കളിയുപകരണങ്ങളും ആവശ്യമായ [illegible] ക്ലാസ് മുറികൾ, ഭിന്നശേഷി സൗഹൃദ ക്ലാസ് മുറികൾ, സ്കൂൾ പാർലമെന്റ്, സ്കൗട്ട് N.C.C, S.P.C, J.R.C, N.S.S തുടങ്ങിയ സന്നദ്ധ സംഘടനകളുടെ പ്രവർത്തനം.

## അധ്യാപകർ

അധ്യാപകർക്ക് പാഠ്യപദ്ധതിക്ക് അനുസൃതമായി പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനും വിലയിരുത്തുന്നതിനും അധ്യാപകർക്ക് കഴിയുന്നുണ്ടോ എന്ന് സ്വയം വിലയിരുത്തേണ്ടത് അത്യാവശ്യമാണ്.

സ്വതന്ത്രവും നിർഭയവുമായ അന്തരീക്ഷം, പഠനസാമഗ്രികളുടെ യഥാസമയം ലഭ്യത, ആവശ്യമായ പ്രാദേശികവിഭവങ്ങൾ, സാമൂഹിക ചിന്തന, ദൈനംദിനാസൂത്രണവും, സമഗ്രാസൂത്രണവും, അധ്യാപക രക്ഷാകർതൃ ബന്ധം.

## ഭൗതികസാഹചര്യം

വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനാവശ്യമായ ചില ഭൗതിക സാഹചര്യങ്ങൾ നമ്മുടെ വിദ്യാലയത്തിലുണ്ട്.

1 പരിസ്ഥിതി സൗഹൃദ, വിദ്യാർത്ഥി സൗഹൃദ സ്കൂൾ - ക്ലാസ് അന്തരീക്ഷം.
2. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ലാബോറട്ടറികൾ
3. ക്ലാസ് ലൈബ്രറി
4. കളിസ്ഥലങ്ങൾ, കളിയുപകരണങ്ങൾ.
5 മതിയായ ശുചിമുറികൾ കുറവാണ്. girls friendly toiletഉണ്ട്. ഭിന്നശേഷി സൗഹൃദം ഇല്ല.
6. കുടിവെള്ള ലഭ്യതയുണ്ട്.
7. വിദ്യാർത്ഥി സൗഹൃദ ഫർണിച്ചർ ഉണ്ട്.
8. ഭക്ഷണം തയ്യാറാക്കുന്നതിനും വിതരണം ചെയ്യുന്നതിനും, ഇരുന്ന് കഴിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ
9. ഗതാഗത സൗകര്യമുണ്ട്.

## സാമൂഹ്യ ഇടപെടലുകൾ

P.T.A, S.M.C, Mother P.T.A തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ പൂർവ്വവിദ്യാർത്ഥികൾ, വിദ്യാലയ വികസന സമിതി, വിവിധ വകുപ്പുകൾ, സന്നദ്ധസംഘടനകൾ, പ്രാദേശിക വിദഗ്ദ്ധർ എന്നിവരുടെ സഹായം സ്വീകരിക്കുന്നുണ്ട്.

## വിദ്യാലയം നേരിടുന്ന പ്രശ്നങ്ങൾ

ഭൗതികതലത്തിൽ, അത്യാവശ്യമായിട്ടുള്ള കുറച്ചു ടോയ്‌ലറ്റുകൾ, സ്വന്തമായി വാഹനമുണ്ടെങ്കിലും - കുറച്ചുകൂടി വലിയ വാഹനം ആയിരുന്നാൽ നന്നായിരുന്നു. ലൈബ്രറി, ലാബോറട്ടറി എന്നിവക്ക് ആവശ്യമായ മുറികളും, ലബോറട്ടറി സാധനങ്ങളുടെ അപര്യാപ്തത, സാമൂഹ്യശാസ്ത്ര പഠനത്തിന് അവശ്യം വേണ്ടുന്ന സാമഗ്രികൾ, ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സൗകര്യങ്ങൾ എന്നിവ അത്യന്താപേക്ഷിതമാണ്. ICT സാധ്യത ഉപയോഗപ്പെടുത്തുവാനുള്ള സൗകര്യങ്ങളും ആവശ്യമാണ്.

# സ്കൂൾ തല പ്രവർത്തനങ്ങളുടെ ഫോർമാറ്റ്

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | പാഠ്യപദ്ധതി വിനിമയം (കലാകായിക വിദ്യാഭ്യാസം | ബി.ആർ.സി.യിൽ നിന്നും കായിക അധ്യാപകരെ ലഭ്യമാക്കാൻ ശ്രമം നടത്തുന്നു.<br>സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഹൃദയശ്വസന ക്ഷമത വർദ്ധിപ്പിക്കുന്നതിനും കായികശേഷി വർദ്ധിപ്പിക്കുന്നതിനും വേണ്ടി Aerotics പരിശീലനം. | 1 വർഷം | അധ്യാപകർ | | പ്രദേശത്തുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്താൻ ശ്രമിക്കുന്നു.<br>ഘട്ടം ഘട്ടമായി മാത്രമേ ഈ പദ്ധതി പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. |
| | പഠനവിടവ് | ഓരോ വിഷയത്തിലും അതാത് ടീച്ചർമാർ പ്രീ-ടെസ്റ്റ് നടത്തി കുട്ടികളുടെ യഥാർത്ഥ അവസ്ഥ മനസ്സിലാക്കുന്നു. പഠനവിടവ് പരിഹരിക്കാനാവശ്യമായ പ്രവർത്തനങ്ങൾ വിഷയാടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യുന്നു. നടപ്പിലാക്കുന്നു. | 1 മാസം | എല്ലാ അധ്യാപകർക്കും | | എല്ലാതരം കുട്ടികളെയും പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്. |
| 2. | പഠനാന്തരീക്ഷം | 1. ക്ലാസ് ലൈബ്രറികൾ മെച്ചപ്പെട്ട രീതിയിൽ സജ്ജീക്കരിക്കൽ .<br>2 പഠനനിലവാരത്തിനനുസരിച്ചുള്ള പുസ്തകങ്ങൾ ലഭ്യമാക്കൽ.<br>3. തരംതിരിച്ച് ക്രമീകരിക്കൽ<br>4. വായനാപുരോഗതിയ്ക്കനുസരിച്ച് കുട്ടികളെ ലിസ്റ്റ് ചെയ്യുകയും അതനുസരിച്ച് പുസ്തകം വായിച്ച് കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു. | 1 വർഷം | ക്ലാസ് ടീച്ചർ | വിദ്യാലയ വികസനസമിതി, പൂർവ്വവിദ്യാർത്ഥികൾ, സ്പോൺസർഷിപ്പുകൾ | എല്ലാ കുട്ടികളേയും സ്വതന്ത്രവായനക്കാരാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. |

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| പാഠ്യപദ്ധതി വിനിമയം | പഠനപ്രക്രിയയുടെ ഭാഗമായി കലാകായിക പ്രവർത്തനങ്ങൾ മെച്ചപ്പെട്ട രീതിയിൽ വിദ്യാലയത്തിൽ സംഘടിപ്പിക്കുവാൻ കഴിയുന്നില്ല. | ✓ | | | സാമ്പത്തികത്തിന്റെ അപര്യാപ്തത<br>പരിശീലനം സിദ്ധിച്ച അധ്യാപകരുടെ കുറവ് |
| | പഠനപ്രവർത്തനങ്ങൾ വിനിമയം ചെയ്യുന്നതിൽ ബുദ്ധിമുട്ടുകൾ നേരിടുന്നു. | | | ✓ | കോവിഡ് കാലഘട്ടത്തിലുണ്ടായിരിക്കുന്ന പഠനവിടവ് |
| പഠനാന്തരീക്ഷം | ക്ലാസ് ലൈബ്രറികൾ മെച്ചപ്പെട്ട രീതിയിൽ സജ്ജീകരിക്കുവാൻ കഴിയുന്നില്ല. | | ✓ | | സാമ്പത്തികം.<br>നിലവാരത്തിനനുസരിച്ചുള്ള പുസ്തകങ്ങൾ ലഭ്യമാക്കാൻ കഴിയുന്നില്ല.<br>പുസ്തകങ്ങളെ തരംതിരിച്ച് ക്രമീകരിക്കാനുള്ള സംവിധാനമില്ലായ്മ. |
| | കുട്ടികളുടെ എണ്ണത്തിനനുസരിച്ചുള്ള കമ്പ്യൂട്ടറുകൾ ലഭ്യമല്ല. | | ✓ | | കമ്പ്യൂട്ടറുകൾ പലതും ഉപയോഗശൂന്യം. |
| അധ്യാപകർ | പഠനപ്രവർത്തനങ്ങൾ നടക്കുമ്പോൾ ചില അവസരങ്ങളിൽ ചില പ്രാദേശിക ഇടപെടലുകളും സഹായങ്ങളും ലഭ്യമാകുന്നില്ല. | | ✓ | | പ്രാദേശിക വിഭവങ്ങളായ മനുഷ്യവിഭവം, സമ്പത്ത്, സാമഗ്രികൾ, എന്നിവ അനുയോജ്യമായ സമയത്ത് കണ്ടെത്താൻ കഴിയുന്നില്ല. |
| | കോവിഡാനന്തരം കുട്ടികളിൽ ഉണ്ടായ ഗുണപരമല്ലാത്ത സ്വഭാവമാറ്റങ്ങൾ ക്ലാസ്മുറികളിൽ സുഖകരമല്ലാത്ത അന്തരീക്ഷം ഉണ്ടാകുന്നു. | | | ✓ | കോവിഡ് കാലഘട്ടത്തിൽ കുട്ടികൾക്ക് ഉണ്ടായ ഒറ്റപ്പെടൽ, മൊബൈൽഫോണിന്റെ സ്വാധീനം. |
| ഭൗതിക സാഹചര്യം | ഭിന്നശേഷിക്കാരനായ കുട്ടിക്ക് ടോയ്‌ലറ്റിൽ പോകുന്നതിന് മറ്റ് കുട്ടികളെ ആശ്രയിക്കേണ്ടിവരുന്നു. | ✓ | | | ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റിന്റെ അഭാവം |
| | മഴയത്തും വെയിലത്തും അസംബ്ലി കൂടാൻ കഴിയുന്നില്ല. | | | ✓ | മേൽക്കൂരയുള്ള ഒരു സംവിധാനം ഇല്ല. |
| | | | | | |

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| സാമൂഹിക ഇടപെടലുകൾ | അപൂർവ്വം ചില കുട്ടികളിൽ വൈകാരികവും മാനസികവുമായ പ്രശ്നങ്ങളും, പഠന പിന്നോക്കാവസ്ഥയും ഉണ്ടാകുന്നു. | | ✓ | | രക്ഷിതാക്കളുടെ മദ്യം/ലഹരി ഉപയോഗം, വീട്ടിലെ സാമ്പത്തിക പ്രതിസന്ധി, കുടുംബാംഗങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾ മുതലായവ |
| | | | | | |

# ക്ലാസ് തല അക്കാദമിക പ്രവർത്തനങ്ങൾ

മേഖലാ : യു.പി.മലയാളം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | • പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരരൂപങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു.<br>• ഭാഷാകേളികൾ നടത്തുന്നു.<br>• വാക്കുകളിൽ നിന്നും വാക്യത്തിലേക്ക് - അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുപയോഗിച്ച് പദങ്ങളുടേയും വാക്യങ്ങളുടേയും നിർമ്മാണം | ജൂൺ | മലയാളം അധ്യാപകർ | പി.റ്റി.എ. |
| 2. | പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക. | • വാർത്താലോകത്തേക്ക്<br>• പത്രം, ആഴ്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |
| 3. | സാഹിത്യകൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | • സംവാദം/മുഖാമുഖം<br>• സാഹിത്യാകരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖസംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ 2 പ്രാവശ്യം | H.M<br>മലയാളം അധ്യാപകർ | മലയാളം ക്ലബ് & പി.റ്റി.എ |
| 4. | എല്ലാ കുട്ടികൾക്കും മലയാളം കമ്പ്യൂട്ടിംഗ് | • ഐ.റ്റി.പാഠഭാഗവുമായി ബന്ധപ്പെടുത്തി എല്ലാ കുട്ടികൾക്കും മലയാളം ടൈപ്പിംഗിൽ പരിശീലനം നൽകുന്നു. | ആഴ്ചയിൽ 1 പ്രാവശ്യം | അധ്യാപകർ | |

# ക്ലാസ് തല അക്കാദമിക പ്രവർത്തനങ്ങൾ

മേഖലാ : യു.പി.സംസ്കൃതം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം. യു.പി.തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ. | അക്ഷരം എഴുത്ത്<br>ചിഹ്നം ഉറപ്പിക്കൽ<br>അക്ഷരകാർഡ്<br>വാക്കുകൾ എഴുതൽ<br>പാട്ടുകളും, കഥകളും കേൾപ്പിക്കുക. | ജൂൺ-ജൂലൈ | അധ്യാപിക<br>മികച്ച കുട്ടികൾ | |
| 2. | വീട് ഒരു പരീക്ഷണശാല കാണുന്നതും, കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കൽ | ചിത്രങ്ങളുടെ പേരുപറയൽ, വീട്ടിലും, ചുറ്റിലുമുള്ള വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പറയുകയും എഴുതുകയും ചെയ്യുക. വാക്കുകൾ ശേഖരിക്കുക. | ജൂൺ-ജൂലൈ | അധ്യാപിക<br>മികച്ച കുട്ടികൾ | |
| 3. | വായനാലോകം കുട്ടികളെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ | എല്ലാവർക്കും വായന ഉറപ്പിക്കുന്നതിന് വേണ്ടി പുസ്തകങ്ങൾ നൽകുന്നു. ഒരു പിരീഡ് എടുത്ത് കുട്ടിയ പുസ്തകം വായിപ്പിക്കുന്നു. പുസ്തകങ്ങളുടെ പേര് രേഖപ്പെടുത്തുന്നു. നല്ലവണ്ണം വായിച്ച കുട്ടിയെ അനുമോദിക്കുന്നു. | ജൂൺ-ജൂലൈ | അധ്യാപിക<br>മികച്ച കുട്ടികൾ | |

# ക്ലാസ് തല അക്കാദമിക പ്രവർത്തനങ്ങൾ

മേഖലാ : യു.പി.ഇംഗ്ലീഷ്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1 | ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend your Ear : | ലളിതവും, രസകരവുമായി ഇംഗ്ലീഷ് റെക്കോഡ് ചെയ്ത് കേൾപ്പിക്കുന്നു. | ജൂലൈ–ആഗസ്റ്റ് | ഇംഗ്ലീഷ്അധ്യാപകർ | |
| | | Breaking News : | ഇംഗ്ലീഷ് റേഡിയോവാർത്തകൾ റെക്കോഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം കേൾപ്പിക്കുന്നു. | സെപ്റ്റംബർ–ഒക്ടോബർ | ഇംഗ്ലീഷ്അധ്യാപകർ | |
| 2. | ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | Learning Ladder : | പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. | ആഗസ്റ്റ്–സെപ്റ്റംബർ | ഇംഗ്ലീഷ്അധ്യാപകർ | ഇംഗ്ലീഷ് ക്ലബ് |
| | | Reader of the month | :ഇംഗ്ലീഷ് ദിനപത്രം/ഇംഗ്ലീഷ് ന്യൂസ് വായിക്കുവാൻ അവസരം നൽകി Reader of Month നെ ആദരിക്കുന്നു. | മാസംതോറും | ഇംഗ്ലീഷ്അധ്യാപകർ | |
| 3. | ആവിഷ്കാരത്തിന് അവസരം ഒരുക്കുക. | Day in Week | :ആഴ്ചയിൽ ഒരു ദിനം ഇംഗ്ലീഷിൽ മാത്രം ആശയവിനിമയം | ആഴ്ചതോറും | ഇംഗ്ലീഷ്അധ്യാപകർ | |
| | | English fest | :സ്കിറ്റ് അവതരണം, കവിതാലാപനം, സംവാദം മുതലായവ | ഓരോ ടേമിലും | | |

# ക്ലാസ് തല അക്കാദമിക പ്രവർത്തനങ്ങൾ

മേഖലാ : യു.പി.ഹിന്ദി

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | 5,6,7 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ<br>ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| | | ചിത്രങ്ങൾ, അക്ഷരമാല ചാർട്ട്, ICTസഹായത്തോടെ അക്ഷരരചന കാണിക്കൽ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2. | ഹിന്ദിവായന:- തെറ്റുകൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം നടത്തും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിക്കുക. മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി.ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കുക. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3. | ഹിന്ദി സംസാരം :- ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കുക. നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | 6, 7 ക്ലാസുകളിൽ ഹിന്ദി മാത്രം ഉപയോഗിക്കുക.<br>ഹിന്ദിയിൽ കുറിപ്പ്, പോസ്റ്റർ ഇവ തയ്യാറാക്കുക. | | | |
| 4. | ദിനാചരണങ്ങൾ കുട്ടികളിൽ എത്തിക്കും. | ഹിന്ദിദിൻ ആചരിക്കുക. | | | |

# ക്ലാസ് തല അക്കാദമിക പ്രവർത്തനങ്ങൾ

## മേഖലാ : യു.പി.സോഷ്യൽ സയൻസ്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ഭൂപട വായന വളർത്തുക | സ്കൂളിലെ തനത് പ്രവർത്തനവുമായി ബന്ധപ്പെടുത്തി നിത്യേന പത്രങ്ങളിൽ വരുന്ന പ്രധാനപ്പെട്ട വാർത്തകളെ അന്തർദേശീയം ദേശീയം, പ്രാദേശിക എന്നിങ്ങനെ തരംതിരിച്ച് തനത് ഭൂപടങ്ങളിൽ നിറയ്ക്കുന്ന പ്രവർത്തനം | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപിക സാമൂഹ്യശാസ്ത്രക്ലബ് | പി.റ്റി.എ |
| 2. | ലഹരിവിരുദ്ധ മനോഭാവം വളർത്തുക. | ലഹരിവിരുദ്ധ ബോധവൽക്കരണവുമായി ബന്ധപ്പെട്ട് വിദഗ്ധരുടെ ക്ലാസുകൾ സംഘടിപ്പിക്കുക. | | | |
| 3. | ലിംഗസമത്വം, സാമൂഹ്യ മൂല്യാവബോധം വളർത്തുക. | ലിംഗഭേദമില്ലാതെ എല്ലാവർക്കും ഒരേപോലെയുള്ള യുണിഫോം (ഷർട്ട്, പാന്റ്)<br>കളിസ്ഥലത്ത് ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും തുല്യഅവസരം<br>പൊതമുതൽ സംരക്ഷണം, പരസ്പര സഹകരണം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ് | | | |

# ക്ലാസ് തല അക്കാദമിക പ്രവർത്തനങ്ങൾ

**മേഖലാ : ബേസിക് സയൻസ്**

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | <u>ജൈവവൈവിധ്യപാർക്ക്</u><br>ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, ജൈവവേലി എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജൈവവൈവിധ്യപാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ്, എക്കോ ക്ലബ് | പി.റ്റി.എ |
| | | <u>പരീക്ഷണകളരി</u><br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസുകൾ ആരംഭിക്കുന്നു. | ജൂൺ മുതൽ | | പി.റ്റി.എ |
| | | <u>പരീക്ഷണകിറ്റുകൾ</u><br>ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണകിറ്റുകൾ കുട്ടികൾ തയ്യാറാക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ്, എക്കോ ക്ലബ് | പി.റ്റി.എ |
| | | <u>എന്റെ പരീക്ഷണ പുസ്തകം</u><br>കുട്ടികൾ ചെയ്യുന്ന പരീക്ഷണങ്ങളുടെ കുറിപ്പുകൾ ഉൾപ്പെടുത്തി എന്റെ പരീക്ഷണ പുസ്തകം തയ്യാറാക്കുന്നു. | | | പി.റ്റി.എ |

# ക്ലാസ് തല അക്കാദമിക പ്രവർത്തനങ്ങൾ

മേഖലാ : യു.പി.ഗണിതം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു. | <u>ഗണിതശിൽപ്പശാല</u><br>കളി രീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്), മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ്കാർഡ്.......... ഉപയോഗിക്കുന്നു.) | ജൂൺ, ജൂലൈ | ഗണിത അധ്യാപിക | പി.റ്റി.എ |
| 2. | രസകരമായ ഗണിത ശാസ്ത്രപഠനവും കരചലന ശേഷികളുടെ വികാസവും | <u>ഒറിഗാമി ശിൽപ്പശാല</u><br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ, പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിതാ അധ്യാപിക | പി.റ്റി.എ |
| 3. | ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ, ലാബിൽ വച്ച് ഗണിതക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിതക്ലബും | പി.റ്റി.എ |
| 4. | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു. | <u>ഗണിതക്ലിനിക്ക്</u><br>ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിതാധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | പി.റ്റി.എ |

# ക്ലാസ് തല അക്കാദമിക പ്രവർത്തനങ്ങൾ

**മേഖലാ : വിവര വിനിമയ സാങ്കേതികവിദ്യ**

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | സൈബർ സുരക്ഷാവബോധം വളർത്തും. | സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട് വിദഗ്ധരുടെ ബോധവൽക്കരണക്ലാസ് | ആദ്യ ആഴ്ച | അധ്യാപകൻ | PTA |
| 2. | ഇന്റർനെറ്റ് പരിജ്ഞാനം വളർത്തുക. | പഠനപ്രക്രിയയുടെ ഭാഗമായി ഇന്റർനെറ്റിന്റെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. | വർഷം മുഴുവൻ | | |
| 3. | കമ്പ്യൂട്ടർ നൈപുണി വികസനം | ടൈപ്പിംഗ്, ഇന്റർനെറ്റെടുക്കൽ, ഫോൾഡർ നിർമ്മാണം ഇവയിൽ പരിജ്ഞാനം നേടുക. | | | |

# ക്ലാസ് തല അക്കാദമിക പ്രവർത്തനങ്ങൾ

## മേഖലാ : ആരോഗ്യകായിക വിദ്യാഭ്യാസം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | എല്ലാ കുട്ടികൾക്കും വ്യായാമം, കളികൾ, എന്നിവയിലൂടെ കായികാരോഗ്യക്ഷമത ഉറപ്പാക്കുക. | ഫുട്ബോൾ, വോളിബോൾ തുടങ്ങി കുട്ടികൾക്ക് താൽപര്യമുള്ള ഗെയിംസ് ഇനങ്ങൾ പരിശീലിപ്പിക്കുക.<br>നിശ്ചിത ഇടവേളകളിൽ കായികമത്സരങ്ങൾ നടത്തുക.<br>കുട്ടികളുടെ സൈക്കിളിംഗ് പരിശീലനം നൽകും. | ദീർഘകാലം | | |
| 2. | ശാസ്ത്രീയമായ ആരോഗ്യശീലങ്ങൾ വളർത്തുക. | എയ്റോബിക് പരിശീലനം, ആരോഗ്യബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക. | ദീർഘകാലം | | |

# ക്ലാസ് തല അക്കാദമിക പ്രവർത്തനങ്ങൾ

മേഖലാ : കലാവിദ്യാഭ്യാസം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക. | കലാവേദികൾ ക്ലാസ്റൂമിൽ ഒരുക്കികൊടുക്കുക. ഗാനാലാപനം, നൃത്തം, അഭിനയം, തുടങ്ങിയ കുട്ടിക്കിഷ്ടപ്പെട്ട ഇനങ്ങളിൽ പ്രകടനം കാഴ്ചവെക്കാൻ അവസരമൊരുക്കുക. | | | |
| 2. | ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ കലാ പരിശീലനത്തിനായി പ്രയോജനപ്പെടുത്തുക. | ICT സഹായത്തോടെ കലാഇനങ്ങളിൽ കൂടുതൽ അറിവ് നേടാൻ അവസരമൊരുക്കുന്നു. | | | |

# ക്ലാസ് തല അക്കാദമിക പ്രവർത്തനങ്ങൾ

**മേഖലാ : തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം**

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസത്തിലെ വ്യത്യസ്തമേഖലകളായ കൃഷി, ഭക്ഷ്യവ്യവസായം, പാഴ്‌വസ്തു പരിപാലനം, പാർപ്പിടം, സാമ്പത്തികസാക്ഷരത, കരകൗശലം, വസ്ത്രനിർമ്മാണം | • വെർട്ടിക്കൽ ഫാമിംഗ് ആസൂത്രണം, നടപ്പാക്കൽ, സംരക്ഷണം<br>• ഗ്രോബാഗ് നിർമ്മാണം<br>• വസ്ത്രങ്ങൾ മോടിപിടിപ്പിക്കൽ പരിശീലനം | മധ്യകാലയളവ്<br>ഹ്രസ്വകാലം<br>ഹ്രസ്വകാലം | | |

# സ്കൂൾ തല പ്രവർത്തനങ്ങളുടെ ഫോർമാറ്റ്

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | സാങ്കേതികവിദ്യ | കുട്ടികളുടെ എണ്ണത്തിനനുസൃതമായി കമ്പ്യൂട്ടറുകൾ ലഭ്യമാക്കുന്നതിനായി പഴയ കമ്പ്യൂട്ടറുകൾ നന്നാക്കി എടുക്കുന്നതിനായി വിദ്യാലയ വികസന സമിതിയെ ചുമതലപ്പെടുത്തുന്നു. | 1 മാസം | ഐ.ടി. കോർഡിനേറ്റർ | വിദ്യാലയ വികസനസമിതി | എല്ലാ കുട്ടികൾക്കും സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ പഠനം ലഭ്യമാകുക. |
| 3. | അദ്ധ്യാപകർ | കോവിഡാനന്തരം കുട്ടികളിലുണ്ടായ സ്വഭാവമാറ്റം : ഓരോ കുട്ടിയുടെയും പ്രൊഫൈൽ തയ്യാറാക്കുന്നു. ശാരീരികം, മാനസികം, വൈകാരികം, സാമൂഹികം, സാമ്പത്തികം എന്നീ മേഖലകളിൽ പ്രശ്നങ്ങളുള്ള കുട്ടികളെ കണ്ടെത്തുന്നു. എസ്.ആർ.ജി.യിൽ അവതരിപ്പിക്കുന്നു. ഭവനസന്ദർശനങ്ങളും പരിഹാരപ്രവർത്തനങ്ങളും ആസൂത്രണം ചെയ്യുന്നു. | 2 മാസം | ക്ലാസ് ടീച്ചർ എച്ച്.എം. വിദ്യാലയ വികസനസമിതി | വിദ്യാലയ വികസനസമിതി | കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിച്ച് മുഖ്യധാരയിലേക്ക് എത്തിക്കാം. |
| 4. | ഭൗതികസാഹചര്യം | 1. ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റ് നിർമ്മാണം.<br>2. മഴയത്തും വെയിലത്തും അസംബ്ലി കൂടുവാനായി മേൽക്കൂരയുള്ള ഒരു സംവിധാനം ഒരുക്കുന്നു. | 2 വർഷം | സ്കൂൾ തല സമിതി | പൂർവ്വ വിദ്യാർത്ഥികൾ, സ്പോൺസർഷിപ്പുകൾ | |
| 5. | സാമൂഹിക ഇടപെടലുകൾ | കുട്ടികളിലെ വൈകാരികവും മാനസികവുമായ പ്രശ്നങ്ങളും പഠനാപിന്നോക്കാവസ്ഥയും തരണം ചെയ്യുന്നതിനുള്ള ബോധവൽക്കരണക്ലാസുകൾ സംഘടിപ്പിക്കണം. | 3 മാസം | പ്രാദേശിക വിദഗ്ദ്ധർ | എസ്.ആർ.ജി. കൺവീനർ | |

# സമഗ്രഗുണമേന്മപദ്ധതി

## കുട്ടികളിൽ വികസിക്കേണ്ട പൊതുധാരണകളെപ്പറ്റി 3.6.2025 മുതൽ 13.6.2025 വരെ സ്കൂളിൽ നടത്തേണ്ട പ്രവർത്തനങ്ങൾ

| തീയതി | സമയം | വിഷയം | നടത്താനുദ്ദേശിക്കുന്ന പ്രവർത്തനം | ചുമതല |
|---|---|---|---|---|
| 3.6.2025 | 2-3 pm | പൊതുകാര്യങ്ങൾ, മയക്കുമരുന്ന്/ലഹരി ഉപയോഗത്തിനെതിരെ | കുട്ടികൾക്ക് ബോധവൽക്കരണക്ലാസ് : കുന്നത്തൂർ സർക്കിളിലെ അസി: എക്സൈസ് ഇൻസ്പെക്ടർ അനിൽകുമാർ എസ്. ന്റെ ക്ലാസ് | അഞ്ജലി ആർ. |
| 4.6.2025 | 12-1 pm | റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ/സ്കൂൾ വാഹനസഞ്ചാരം - അറിയേണ്ട കാര്യങ്ങൾ /ട്രാഫിക് നിയമങ്ങൾ | ബോധവൽക്കരണക്ലാസ്. അടൂർ ട്രാഫിക് സ്റ്റേഷനിലെ സീനിയർ സിവിൽ പോലീസ് ഓഫീസർ എൻ. കൃഷ്ണദാസ് ന്റെ ക്ലാസ് | ജയ്ഗേഷ് |
| 5.6.2025 | 10 am - 4 pm | വ്യക്തിശുചിത്രം, പരിസരശുചിത്വം, ഹരിതക്യാമ്പസ്, സ്കൂൾ സൗന്ദര്യവൽക്കരണം | സ്പെഷ്യൽ അസംബ്ലി, കവിതയുടെ ദൃശ്യാവിഷ്കാരം പരിസ്ഥിതിദിനകിസ് വൃക്ഷത്തൈ നടീൽ | വീണ വി.ഗോപാൽ |
| 9.6.2025 | 2-3 pm | ആരോഗ്യം, വ്യായാമം, കായികക്ഷമത | ബോധവൽക്കരണക്ലാസ്. സ്കൂളിലെ കായികാധ്യാപകന്റെ ചുമതലയുള്ള ബിജു റ്റി.കെ. യുടെ ക്ലാസ് | ബിജു റ്റി.കെ. |
| 10.6.2025 | 1.30-3.30 pm | ഡിജിറ്റൽ അച്ചടക്കം | ICT സഹായത്തോടെ കുട്ടികൾക്കായി ഡിജിറ്റൽ അച്ചടക്കത്തെപ്പറ്റി ക്ലാസ്, സ്കിറ്റ്, മോണോആക്ട് അവതരണം | ബുജി എം.എസ്. |
| 11.6.2025 | 10-11 am | പൊതുമുതൽ സംരക്ഷണം | ബോധവൽക്കരണക്ലാസ്. വാർഡ്മെമ്പറായ രതീഷ് എസ്. ന്റെ ക്ലാസ് | ആതിര |
| 12.6.2025 | 2 - 3 pm | പരസ്പരസഹകരണത്തിന്റെ പ്രാധാന്യം, റാഗിങ്, വൈകാരിക നിയന്ത്രണമില്ലായ്മ | ബോധവൽക്കരണക്ലാസ്. ICT സഹായത്തോടെ അധ്യാപികയായ ബിന്ദു എസ്. ക്ലാസെടുക്കുന്നു. | ബിന്ദു എസ്. |
| 13.6.2025 | 2 - 3 pm | പൊതുക്രോഡീകരണം | 3.6.25 മുതൽ 12.6.25 വരെ നടന്ന ക്ലാസുകളുടെ വിശദാവലോകനം അധ്യാപിക ശ്രീജ എസ്, ക്രോഡീകരിക്കുന്നു. | ശ്രീജ എസ്. |

# സ്കൂൾ ഏറ്റെടുക്കുന്ന തനത് പ്രവർത്തനം

ഈ വിദ്യാലയത്തിൽ നിന്നും പഠനം കഴിഞ്ഞ് പുറത്തുപോകുന്ന കുട്ടികൾ, ഭാവിയിൽ സമൂഹത്തിന്റെ അഭിമാനമായി മാറണം എന്നതാണ് ഞങ്ങളുടെ സങ്കല്പം. വ്യക്തിത്വവികസനത്തിലൂടെ അത് നേടിയെടുക്കാൻ സാധിക്കും. ഒരാളുടെ വ്യക്തിത്വ വികസനം, പൂർണ്ണത, നന്മ ഇവയെല്ലാം ലക്ഷ്യ ത്തിലെത്തണമെങ്കിൽ, അതിന് ഏറ്റവും നല്ല മാർഗ്ഗം വായന തന്നെയെന്നാണ് വിശ്വസിക്കുന്നത്. അതുകൊണ്ടുതന്നെ എല്ലാ കുട്ടികൾക്കും ഉയർന്ന വായന ശേഷികൾ കൈവരിക്കുന്നതിന് അവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് ഈ വിദ്യാലയം ലക്ഷ്യമിടുന്നത്. അതുപോലെ, വിദ്യാലയവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന എല്ലാവരിലും വായനയുടെ സംസ്കാരം വളർത്തിയെടുത്ത്, ശക്തമായ സാംസ്കാരിക പ്രവർത്തനമാക്കി വായനയെ മാറ്റും എന്ന ഉദ്ദേശ്യത്തോടെയുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഈ വിദ്യാലയം ഏറ്റെടുക്കുന്ന പദ്ധതിയാണ് 'സമഗ്രവായന വികസന വിദ്യാലയം എന്റെ സ്വപ്നം'. ഇത് പൂർത്തീകരിക്കുന്നതിനായി ഓരോ വിഷയവുമായി ബന്ധപ്പെടുത്തി വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. എങ്കിലും സ്കൂൾ ഏറ്റെടുക്കുന്ന തനത് പ്രവർത്തനമായി പത്രവായനയെ പ്രോത്സാഹിപ്പിക്കുന്നതിലേക്ക് "സമകാലീന പത്രവാർത്താധിഷ്ഠിത പരിപാടി" എന്ന പ്രവർത്തനം ഏറ്റെടുത്തിരിക്കുകയാണ്.

## ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളെയും സ്വതന്ത്രവായനക്കാരാക്കി മാറ്റുക.
- വായനാനുഭവങ്ങൾ വിവിധ രീതിയിൽ പങ്കിടുന്നതിന് അവസരം സൃഷ്ടിക്കുക.
- വ്യത്യസ്ത തലങ്ങളിലൂടെ വായന നടത്താനുള്ള കഴിവ് നേടുക.
- രചനാപരമായ കഴിവ് വളർത്തുക.
- പ്രാദേശികമായി വായന സാമഗ്രികൾ രൂപപ്പെടുത്തുക
- സൂക്ഷ്മതല പത്രവായന വിദ്യാലയത്തിൽ നടപ്പാക്കുക.

## പ്രവർത്തനങ്ങൾ

- എല്ലാ ക്ലാസിലും ഓരോ പത്രം.
- നിത്യവും പത്രവായനയും വിശകലനവും
- മികച്ച വാർത്തവായനക്കാരൻ/വായനക്കാരിയെ കണ്ടെത്തൽ
- പത്രക്വിസ്
- സംവാദം
- രചനകൾ, ശില്പശാലകൾ
- **പത്രകൊളാഷ് നിർമ്മാണം :** നിത്യേന പത്രങ്ങളിൽ വരുന്ന പ്രധാനപ്പെട്ട വാർത്തകളെ അന്തർദേശീയം, ദേശീയം, പ്രാദേശികം എന്നിങ്ങനെ തരംതിരിച്ച് അതാത് ഭൂപടങ്ങളിൽ നിറയ്ക്കുന്ന പ്രവർത്തനം.
- **സമകാലീന പത്രവാർത്താധിഷ്ഠിത പരിപാടി:** പത്രങ്ങളിൽ വരുന്ന കാലികപ്രസക്തവും വിജ്ഞാനപ്രദവുമായ വാർത്തകൾ കണ്ടെത്തി ആഴത്തിൽ വിശകലനം ചെയ്ത് വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങളിലൂടെ രണ്ടുമാസത്തിലൊരിക്കൽ അവതരിപ്പിക്കുന്നു. ഇതിനായി രണ്ടധ്യാപകർ വീതം ചുമതല ഏറ്റെടുക്കുന്നു. എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നു.
- പുസ്തകചർച്ച സംഘടിപ്പിക്കൽ

ഉടൻ ചെയ്യാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ.

- പ്രവേശനോത്സവ പദ്ധതിയുടെ ഭാഗമായി 3.6.2025 മുതൽ 13.6.2025 വരെ കുട്ടികളിൽ വികസിപ്പിക്കേണ്ട അടിസ്ഥാന പെരുമാറ്റ രീതികൾ ബോധവൽക്കരണ ക്ലാസ്സുകൾ നടന്നുവരുന്ന പ്രവർത്തനങ്ങളും
- ക്ലാസ് നിലവാരം, പഠനോത്സവം എന്നിവ പരിഗണിച്ച് ചുമതലകൾ ലഭ്യമാക്കൽ (July യിൽ തുടക്കം)

ചുമതല.

| | |
|---|---|
| June, July, August | Nisha, Deepa, Aparna. |
| September, October, November | Nisha, Deepa, Aparna. |
| December, January, February | Nisha, Deepa, Aparna. |